# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 09-10-2012

# എസ്.സി.ഇ.ആർ.ടി യിലെ അനധികൃത നിയമനങ്ങൾ റദ്ദുചെയ്യണം

## കെ.എസ്.ടി.എ

വിദ്യാഭ്യാസ ഗവേഷണ കേന്ദ്രമായ എസ്.സി.ഇ.ആർ.ടി യിൽ റിസർച്ച് ഓഫീസർമാരായി യോഗ്യതയില്ലാത്തവരെ നിയമിച്ച നടപടി റദ്ദുചെയ്യണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. മുപ്പത് റിസർച്ച് ഓഫീസർമാർ വേണ്ടിടത്ത് 20 പേരാണ് നിലവിലുള്ളത്. ബാക്കി 10 പേരെ യു.ഡി.എഫ് സർക്കാർ പിരിച്ചുവിട്ടു. നോട്ടിഫിക്കേഷനിലൂടെ അപേക്ഷകൾ സ്വീകരിച്ച് ഡി.പി.ഐ യുടെ നേതൃത്വത്തിൽ 2012 ഏപ്രിൽ മാസം ഇന്റർവ്യൂ നടത്തിയിരുന്നു. അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ 3 പേരെ നിയമിച്ചു. ലിസ്റ്റ് പ്രസിദ്ധീകരിച്ച് റാങ്കിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താതെ യോഗ്യതയില്ലാത്തവരെ പിൻവാതിലിലൂടെ നിയമനം നടത്തുന്നതിന് പിന്നിൽ അഴിമതിയുണ്ട്.

കൊടുങ്ങല്ലൂർ ഹയർസെക്കന്ററി സ്കൂളിലെ ബിന്ദുചന്ദ്രനെയും ചേർത്തല ഹയർസെക്കന്ററി സ്കൂളിലെ ത്സാൻസി റാണിയെയുമാണ് ഇപ്പോൾ പുതുതായി നിയമിച്ചിരിക്കുന്നത്. രണ്ടുപേരും തിരുവനന്തപുരം സ്വദേശികളാണ്. ഒരാൾ വിദേശത്തായിരുന്നു. സർവ്വീസിൽ പ്രവേശിച്ചയുടൻ എസ്.സി.ഇ.ആർ.ടി യിൽ നിയമനം നൽകുകയും ചെയ്തു. പ്രൊബേഷൻപോലും പൂർത്തിയാക്കാത്തയാളാണ് രണ്ടാമത്തേത്. വിദ്യാഭ്യാസരംഗത്തെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ഈ സ്ഥാപനത്തിൽ എം.എഡും ഡോക്ടറേറ്റും ഉള്ളവരെ ഒഴിവാക്കിയാണ് അനധികൃത നിയമനങ്ങൾ നടത്തിയിരിക്കുന്നത്. ഒഴിവുള്ള മറ്റു തസ്തികകളിലും ഇത്തരത്തിലുള്ള നിയമനം നടത്താനാണ് നീക്കം. നിലവിലുള്ള 4 പേരെക്കൂടി ഒഴിവാക്കി പിൻവാതിൽ നിയമനത്തിന് ശ്രമിക്കുന്നതായാണ് അറിയുന്നത്.

എസ്.സി.ഇ.ആർ.ടി യെ തകർക്കാനുള്ള നീക്കത്തിൽ നിന്നും അധികൃതർ പിന്തിരണമെന്നും അനധികൃത നിയമനങ്ങൾ റദ്ദുചെയ്ത് അർഹതയുള്ളവരെ നിയമിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്നും കെ.എസ്.ടി.എ ജനറൽസെക്രട്ടറി എം. ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി